(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമിക്കുന്ന പരിശോധകർ ഓരോ മെഡിക്കൽ കോളേജുകളും പരിശോധിച്ച് ഇക്കാര്യം ഉറപ്പു വരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള തീരുമാനം എടുക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച്, പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ

131 [5928] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് കെ. എച്ച്. ആർ. ഡബ്ല്യു. എസ്., ധന്വന്തരി സെന്റർ, ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സ്ഥാപനം, സ്വകാര്യ ബാങ്കിന്റെ എ. ടി. എം. ശാഖ എന്നിവ പ്രവർത്തിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് മെഡിക്കൽ കോളേജ് കാമ്പസ്സിൽ സ്ഥലം നൽകുന്നതിന് എന്തെങ്കിലും ചട്ടങ്ങളോ വ്യവസ്ഥകളോ നിലവിലുണ്ടോ എന്ന് വ്യക്ത മാക്കാമോ;

(സി) ഈ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചത് ഏത് മാനദണ്ഡപ്രകാര മാണ്; ചട്ടങ്ങൾ പാലിച്ചാണോ ഈ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സ്ഥാപനങ്ങളിൽ നിന്നും മെഡിക്കൽ കോളേജിന് പ്രതിമാസം കിട്ടുന്ന വരുമാനം എത്ര;

(ഇ) പ്രസ്തുത സ്ഥാപനങ്ങളും സർക്കാരും തമ്മിൽ ഏതെങ്കിലും തരത്തി ലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(എഫ്) എം. സി. എച്ച്. കാമ്പസ്സിൽ ബാങ്ക് എ. ടി. എം. ശാഖയ്ക്ക് അനുമതി നൽകിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; ഉത്തര വിന്റെ കോപ്പി ലഭ്യമാക്കാമോ;

(ജി) ബാങ്ക് എ. ടി. എം. ശാഖയുടെ വാടകയായി പ്രതിമാസം എന്ത് തുക സർക്കാരിനോ മെഡിക്കൽ കോളേജിനോ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(എച്ച്) ഏതെല്ലാം ബാങ്കുകൾ എ. ടി. എം. ശാഖ മെഡിക്കൽ കോളേജ് കാമ്പസ്സിൽ നടത്തുന്നതിന് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് ചട്ടങ്ങളും വ്യവസ്ഥകളും നിലവിലില്ല. ഈ സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കോളേജ് കാമ്പസ്സിൽ ഇവ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത്.

(സി) പ്രസ്തുത സ്ഥാപനങ്ങൾ സർക്കാരിന് നൽകിയ നിവേദനത്തിൻമേൽ കൈക്കൊണ്ട തീരുമാനങ്ങൾ കോളേജ് മാനേജ്മെന്റ് കമ്മിറ്റികളിലും, എച്ച്. ഡി. സി. സമിതികളിലും സമർപ്പിച്ച് അനുമതി വാങ്ങിയാണ് അവ കാമ്പസ്സിൽ പ്രവർത്തിച്ചു വരുന്നത്. ഒരു നിശ്ചിത കാലയളവിലേക്കാണ് ഇവ നൽകുന്നത്.

(ഡി) മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് പ്രവർത്തിക്കുന്ന ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സ്ഥാപനം അതിന്റെ ലാഭത്തിന്റെ 55% എച്ച്. ഡി. എസ്.-ൽ അടയ്ക്കുന്നുണ്ട്. ഈ സ്ഥാപനത്തിന് ആശുപത്രി വികസന സമിതിയാണ് പ്രവർത്തിക്കാൻ അനുവാദം നൽകിയിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ അനുവാദത്തോടെ മെഡിക്കൽ കോളേജ് കാമ്പസ്സിൽ പ്രവർത്തിക്കുന്ന ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കോഫി വെന്റിംഗ് മെഷീനിലൂടെ വാടകയിനത്തിൽ പ്രതിമാസം 1000 രൂപ മെഡിക്കൽ കോളേജ് ആഫീസിൽ ലഭിക്കുന്നുണ്ട്. മറ്റ് സ്ഥാപനങ്ങളായ ധന്വന്തരി സെന്റർ, കെ. എച്ച്. ആർ. ഡബ്ല്യു. എസ്., സ്വകാര്യ ബാങ്കിന്റെ എ. റ്റി. എം. ശാഖ എന്നിവ ഒരു തുകയും മെഡിക്കൽ കോളേജിൽ അടയ്ക്കുന്നില്ല.

(ഇ) പ്രസ്തുത സ്ഥാപനങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ, എച്ച്. ഡി. എസ്. സെക്രട്ടറി എന്നിവരുമായുള്ള കരാറുകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(എഫ്) സർക്കാർ കത്ത് നമ്പർ 49383/കെ1/2001/ആകുവ. തീയതി 31-12-2001 പ്രകാരമാണ് എ. റ്റി. എം. ശാഖയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ജി) വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) എ. റ്റി. എം. ശാഖ തുടങ്ങുന്നതിന് അനുമതിക്കായി ആരും അപേക്ഷിച്ചിട്ടില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

132 [5930] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly